**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 782** **09-08-2023 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണമാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് വിവിധ ജില്ലകളിലായി നിലവിൽ 10 മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ രജിസ്റ്റേഡ് ഓഫീസുകളും മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ 109 ശാഖകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിലേക്ക് വരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സൊസൈറ്റികളിലെ നിക്ഷേപവും ഇടപാടുകളും സംബന്ധിച്ച പരാതികൾ സംസ്ഥാന തലത്തിൽ പരിഹരിക്കാൻ ആവശ്യമായ നിയമഭേദഗതി നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ മേൽനോട്ടത്തിനും പരിശോധന നടത്തുന്നതിനുമായി സ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി കേന്ദ്ര സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും യാതൊരുതരത്തിലുള്ള ഭരണനിയന്ത്രണങ്ങളും ഇല്ലാത്തതാണ്. എന്നാൽ അംഗങ്ങൾ/നിക്ഷേപകർ/പൊതുജനങ്ങൾ എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽ വിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിനും സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കടന്നുവരവ് സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കേരള സഹകരണസംഘം നിയമം 1969 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ നിക്ഷപങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നത് സംസ്ഥാനസഹകരണ മേഖലയിലെ നിക്ഷേപങ്ങളിൽ കുറവ് വരുന്നതിന് കാരണമായിട്ടുണ്ട്. ഇത് സംസസ്ഥാന സഹകരണ മേഖല നടത്തിവരുന്ന സാമൂഹിക പ്രതിബന്ധയുള്ള പ്രവത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സൊസൈറ്റികളുടെ കടന്നുവരവ് കേരളത്തിന്റെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ? | (സി) | 2002 ലെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 പ്രകാരം മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ മേൽനോട്ടത്തിനും പരിശോധന നടത്തുന്നതിനുമായി സ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരെ ചുമതലപ്പെടുത്തി കേന്ദ്ര സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പരിശോധന നടത്തുന്നതിന് അധികാരമുണ്ടെങ്കിലും യാതൊരുതരത്തിലുള്ള ഭരണനിയന്ത്രണങ്ങളും ഇല്ലാത്തതാണ്. എന്നാൽ അംഗങ്ങൾ/നിക്ഷേപകർ/ പൊതുജനങ്ങൾ എന്നിവർ അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ സംഘത്തിന്റെ മികവ് കണക്കിലെടുത്ത് ബന്ധപ്പെടണമെന്നും മേൽ വിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും നോട്ടീസ് പതിക്കുന്നതിനും സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ കടന്നുവരവ് സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കേരള സഹകരണസംഘം നിയമം 1969 പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ നിക്ഷപങ്ങൾക്ക് നൽകുന്നതിനെക്കാൾ കൂടുതൽ പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിച്ചുവരുന്നത് സംസ്ഥാനസഹകരണ മേഖലയിലെ നിക്ഷേപങ്ങളിൽ കുറവ് വരുന്നതിന് കാരണമായിട്ടുണ്ട്. ഇത് സംസസ്ഥാന സഹകരണ മേഖല നടത്തിവരുന്ന സാമൂഹിക പ്രതിബന്ധയുള്ള പ്രവത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ